# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: **T.3668** 20/10/2016 -ൽ മറുപടിക്ക്

## സ്കൂൾ വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിന് പദ്ധതി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.കെ.ബാബു | | പ്രൊ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പുമന്ത്രി) | |
| (എ) | സ്കൂൾ വിദ്യാർത്ഥികളിൽ കായിക സംസ്കാരം വളർത്തിയെടുക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (എ) | കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ 2009 മുതൽ 2011 വരെ നടത്തിയ സമ്പൂർണ്ണ കായികക്ഷമതാ പദ്ധതിയുമായി ബന്ധപ്പെട്ട് (Total Fitness Programme) നടത്തിയ പഠനങ്ങളിൽ സ്കൂൾ കുട്ടികളുടെ കായികക്ഷമത കുറവാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതേ തുടർന്ന് സ്കൂളുകളിലെ കായിക പരിശീലനം ഊർജ്ജിതപ്പെടുത്തുവാനുള്ള നിർദ്ദേശം കായികാദ്ധ്യാപകർക്ക് നൽകിയിട്ടുണ്ട്. കായികാദ്ധ്യാപകർക്കുള്ള പരിശീലന പരിപാടികളിൽ ഈ വിഷയം നിരന്തരമായി ചർച്ച ചെയ്യുകയും ചെയ്യുന്നു. എന്നാൽ എല്ലാ സ്കൂളുകളിലും കായികാദ്ധ്യാപകരില്ലാത്ത അവസ്ഥ നിലനിൽക്കുന്നതിനാൽ ഇതു സംബന്ധമായ പ്രവർത്തനങ്ങൾ എല്ലാ സ്കൂളുകളിലും കാര്യമായി നടപ്പാക്കപ്പെടുന്നില്ല. അതിനാൽ 2016-2017 അദ്ധ്യയന വർഷം 100 ൽ കൂടുതൽ കുട്ടികൾ പഠിക്കുന്ന സ്കൂളുകളിൽ കലാകായിക വിഷയങ്ങളിൽ പാർട്ട് ടൈം ഇൻസ്ട്രക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ് . |

സെക്ഷൻ ഓഫീസർ